# മെരുവമ്പായി എം യു പി സ്കൂൾ

TEACHING MANUAL

[Prepared by Dhanusree KV, LPST, MMUP]

---

## മലയാളം –STD-I

## UNIT 1

# വീട് നല്ല വീട്

## 1. പഠനനേട്ടങ്ങൾ:

**കവിതകൾ താളാത്മകമായി ചൊല്ലുന്നത് കേട്ട് ആസ്വദിക്കാനും ചൊല്ലാനും കഴിയുന്നു.**

**ചിത്രങ്ങളിലെ ആശയങ്ങൾ കണ്ടെത്തി ലഘുവാക്യങ്ങളിൽ പറയുന്നു.**

### പഠനവിഭവങ്ങൾ

വീടുമായി ബന്ധപ്പെട്ട കവിത

പേജ് 9, 10 സ്കാൻ ചെയ്തത്.

വീടിന്റെ രേഖാചിത്രം ഉൾപ്പെടുത്തിയ പാട്ട്

### പാഠാം

വീടുമായി ബന്ധപ്പെട്ട ഒരു പാട്ട് കേൾക്കുന്നു.(1.1)

വീട് നല്ല വീട്
ഞാൻ പിറന്ന വീട്
അച്ഛനുണ്ട് വീട്ടിൽ
അമ്മയുണ്ട് വീട്ടിൽ
ചേട്ടനുണ്ട് വീട്ടിൽ
സ്വർഗ്ഗമാണെൻ വീട്
ഞങ്ങൾ ഒത്തു വാഴും
സ്വർഗ്ഗമാണ് വീട്

### ചിത്രവായന

ടി ബി ചിത്രം (പേജ് 8, 9) സ്കാൻ ചെയ്ത് ഐ സി റ്റി സാധ്യത ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.(1.2)

ചിത്രത്തിലെന്തെല്ലാം? ചർച്ച – ചോദ്യങ്ങൾ

- എത്ര വീടുകളുണ്ട്?
- വീട്ടിൽ ആരൊക്കെയാണുള്ളത്?
- കുട്ടികൾ എന്തൊക്കെ ചെയ്യുന്നു? എവിടെയാണ് കളിക്കുന്നത്?



Meruvambayi M U P S

- കിളികൾ എവിടെയാണ്?
- കിളികൾ എന്തുചെയ്യുന്നു?
- തെങ്ങിന്റെ ചുവട്ടിൽ ആരൊക്കെയാണ് നിൽക്കുന്നത്?
- ചെറിയ വീട്ടിൽ ആര്?
- വലിയ വീട്ടിൽ ആരൊക്കെയാണ് ഉള്ളത്?
- വീടില്ലാത്തവർ ഉണ്ടോ?
- ഈ ചിത്രത്തിൽ കാണുന്ന വീട് നമുക്കൊന്നു വരച്ചാലോ?

**ചിത്രം വരയാം**

- പെയിന്റ് ആപ് ഉപയോഗിച്ച് വീട് വരയ്ക്കുന്നു. **കുട്ടികൾ വീട് വരയ്ക്കുന്നു.** ചിത്രത്തിന് താഴെ വീട് എന്ന് എഴുതുന്നു. നിറം നൽകുന്നു.

Applications-->Graphics-->XPaint

**എന്റെ വീട്**


ഇത് ആരുടെ വീടാണ്?

ആര് വരച്ചതാണ്?

വീടിന് ചന്തമുണ്ടോ?

കുട്ടികളുടെ പ്രതികരണത്തിനനുസരിച്ച് വരികൾ ക്രമീകരിക്കുന്നു.

വീടുമായി ബന്ധപ്പെട്ട പാട്ട് പ്രദർശിപ്പിക്കുന്നു. താളാത്മകമായി കവിത ഏറ്റു ചൊല്ലുന്നു.

വീടിന് പകരം ഈ ചിത്രം  ഉപയോഗിച്ച് കുട്ടികൾ പാടട്ടെ. (1.3)

ICT ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.

## 2. പഠനനേട്ടങ്ങൾ:

**വാക്യങ്ങൾ, അക്ഷരങ്ങൾ എന്നിവയുടെ ഗ്രാഫ് നിരീക്ഷിച്ചും ഉച്ചാരണം ശ്രവിച്ചും ആശയം ഗ്രഹിക്കുകയും വായിക്കുകയും ചെയ്യുന്നു.**

**സ്വായത്തമായ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണ്ണമായ പദങ്ങൾ എഴുതുന്നു.**

### പഠനവിഭവങ്ങൾ

പേജ് 9, 10 സ്കാൻ ചെയ്തത്.

കുഞ്ഞിക്കോഴി, താരയുടെ കട്ടൗട്ടുകൾ

താര വന്നു - അരി വിതറി - കുഞ്ഞിക്കോഴി അരി തിന്നു - ഇവയുടെ അനിമേഷൻ കാർഡുകൾ

Meruvambayi M U P S

## താരയുടെ കുഞ്ഞിക്കോഴി

ടി ബി ചിത്രം (പേജ് 8, 9) സ്കാൻ ചെയ്ത് ഐ സി റ്റി സാധ്യത ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.

- ചിത്രത്തിലെന്തെല്ലാം? ചർച്ച – ചോദ്യങ്ങൾ
- കുട്ടികൾ എന്തൊക്കെ ചെയ്യുന്നു? എവിടെയാണ് കളിക്കുന്നത്?
- കിളികൾ എവിടെയാണ്?
- കിളികൾ എന്തുചെയ്യുന്നു?
- തെങ്ങിന്റെ ചുവട്ടിൽ ആരൊക്കെയാണ് നിൽക്കുന്നത്?
- ചെറിയ വീട്ടിൽ ആര്?
- വലിയ വീട്ടിൽ ആരൊക്കെയാണ് ഉള്ളത്?
- വീടില്ലാത്തവർ ഉണ്ടോ?

**ഐ സി റ്റി സാധ്യത ഉപയോഗിച്ച് പേജ് 9, 10 വീണ്ടും സന്ദർശനം (ആമുഖ ചിത്രം) Enlarge ചെയ്ത് കാണിക്കുന്നു.**

തെങ്ങിന്റെ ചുവട്ടിലാരെല്ലാം?

കുട്ടികളും ടീച്ചറും കൂടി കുട്ടിക്കും കോഴിക്കുഞ്ഞിനും പേരിടുന്നു.(2.1)

ഐ സി റ്റി യിൽ ചിത്രം വരക്കുന്നു.

- കുഞ്ഞിക്കോഴി എവിടെയായിരിക്കും ഉറങ്ങുന്നത്? – കൂട്ടിൽ

താര വന്നു- കൂട് തുറന്നു - കുഞ്ഞിക്കോഴി പുറത്തുവന്നു.

### സംഭാഷണം(s)

| | |
|---|---|
| **കുഞ്ഞിക്കോഴി** | **:താരേ താരേ** |
| **താര** | **:എന്താ കുഞ്ഞിക്കോഴി** |
| **കുഞ്ഞിക്കോഴി:** | **എനിക്കു വിശക്കുന്നു** |
| **താര** | **:ഞാനിപ്പോ വരാം** |

സംഭാഷണം രൂപീകരിക്കുന്നു. (2.2) കുട്ടികൾ സംഭാഷണം ഗ്രാഫിക്കൽ ആയി എഴുതുന്നു.എന്തിനായിരിക്കും താര പോയത്? ചോദ്യവതരണം നമുക്ക് നോക്കാം (പേജ് 11 – ടി ബി ) ആഖ്യാനം അവതരണം ചെറുചോദ്യങ്ങളിലൂടെ പാഠം രൂപീകരിക്കുന്നു. അനിമേഷൻ കാർഡുകൾ അവതരിപ്പിക്കുന്നു.

ആരാണ് വന്നത്?(s)(2.3)

**താര വന്നു.**

കുഞ്ഞിക്കോഴി പുറത്തുവന്നപ്പോൾ താര എന്തുചെയ്തു?

**അരി വിതറി**



Meruvambayi M U P S

അരി തിന്നതാര്?

**കുഞ്ഞിക്കോഴി അരി തിന്നു.**

ഈ രൂപീകരണ പാഠം ഐ സി റ്റി യിൽ അനിമേഷന് ചെയ്ത് ചിത്രവും ചോദ്യവും ചേർത്ത് അവതരിപ്പിക്കുന്നു.ടി ബി നോക്കി വായന നടത്തുന്നു.(2.4)നോട്ട് ബുക്കിലേയ്ക്ക്

## 3. പഠനനേട്ടങ്ങൾ:

**സ്വായത്തമായ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണ്ണമായ പദങ്ങൾ എഴുതുന്നു.**

### പഠനവിഭവങ്ങൾ

അക്ഷരകാർഡുകൾ, പദകാർഡുകൾ, അക്ഷരചിത്രങ്ങൾ,

### പദനിർമ്മാണം

അക്ഷരങ്ങൾ ചേർത്ത് പുതിയ പദങ്ങൾ നിർമ്മിക്കുന്നു.

രി, താ, വ, വി, ര, തി(s)

നോട്ട് ബുക്കിൽ എഴുതുന്നു.വായിക്കുന്നു.

പുതിയ വാക്യങ്ങൾ നിർമ്മിക്കുന്നു.

ടീച്ചർ ബിബിയിൽ എഴുതുന്നു. കുട്ടികൾ സ്ലേറ്റിൽ എഴുതുന്നു. (നോട്ട് ബുക്ക്)(s)

***രവി വന്നു. വിരി തന്നു.***

***താര വന്നു. തിരി തന്നു.***

***വരിവരിയായി നിന്നു.***

പദകാർഡ് നല്കി അക്ഷരങ്ങളുടെ നേർക്ക് നിശ്ചിത ചിഹ്നം നീക്കിവച്ച് അർത്ഥപൂർണ്ണമായ പദം നിർമ്മിച്ച് വായിക്കുന്നു.

ടീച്ചർ ബിബിയിൽ എഴുതുന്നു. കുട്ടി വായിക്കുന്നു.

നോട്ട് ബുക്കിൽ എഴുതുന്നു.

പാഠപുസ്തകത്തിൽ കണ്ടെത്തിയ പദങ്ങൾക്കു ചുറ്റും വട്ടം വരയ്ക്കുന്നു.

പഠിച്ച അക്ഷരങ്ങളുപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കാൻ ആവശ്യപ്പെടുന്നു.(3.3)

Meruvambayi M U P S

## 4. പഠനനേട്ടങ്ങൾ:

കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയടങ്ങിയ ചിത്രങ്ങൾ വായിക്കൽ

അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ

അക്ഷരങ്ങളുടെ ആലേഖന ക്രമങ്ങൾ തിരിച്ചറിയുകയും എഴുതുകയും ചെയ്യുന്നു.

## പഠനവിഭവങ്ങൾ

വീഡിയോ (പറന്നു വരുന്ന പക്ഷികൾ)

ത്രപീകരണ പാഠം-ചിത്രങ്ങടങ്ങിയ Slide Show

സംഭാഷണം ICT

### ആരെല്ലാം കണ്ടു?

കുഞ്ഞിക്കോഴി അരി തിന്നത് ആരെല്ലാം കണ്ടു?(4.1)

ഇവിടെ വീഡിയോ പ്രദർശനം. (പറന്നു വരുന്ന കാക്ക, പറന്നു വരുന്ന പരുന്ത്, തത്ത, പ്രാവ്, മൈന,)

ചർച്ച – ചോദ്യങ്ങൾ

ത്രപീകരണ പാഠം- Slide Show കാണിക്കാം(4.2)

- കാക്ക കണ്ടു
- പരുന്ത് കണ്ടു
- തത്ത കണ്ടു

### വായന(പേജ്13)

ത്രപീകരണ പാഠം slide-ൽ കാണിക്കുന്നു.(4.3)

കാക്ക എന്തിനാണ് കുഞ്ഞിക്കോഴിയുടെ അരികിലേയ്ക്ക് വന്നത്?

- എങ്ങനെയാണ് വന്നത്?
- എവിടെയാണ് ഇരുന്നത്?

കാക്ക പറന്നു വന്നു

തറയിൽ ഇരുന്നു.

കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

### കാക്കേ കാക്കേ

ചോദ്യങ്ങൾ ചോദിക്കുന്നു

?കാക്കയോട് കുഞ്ഞിക്കോഴി ചോദിച്ചതെന്ത്?

? കാക്ക പറഞ്ഞ മറുപടി എന്ത്?

?പിന്നീട് കുഞ്ഞിക്കോഴി എന്തു ചോദിച്ചു?

? കാക്കയുടെ മറുപടി എന്തായിരുന്നു?

### സംഭാഷണം

സംഭാഷണം ICT യിൽ അവതരണം.(4.4) വ്യക്തിഗതമായി വായിക്കുന്നു

Meruvambayi M U P S

കുട്ടികൾ ഗ്രൂപ്പായി സംഭാഷണം അവതരിപ്പിക്കുന്നു.

**കുഞ്ഞിക്കോഴി : എന്തിനാണ് വന്നത്?**
**കാക്ക : വിശന്നിട്ട്**
**കുഞ്ഞിക്കോഴി : നിന്റെ കൂടെവിടെ?**
**കാക്ക : അതാ ആ മരത്തിൽ**

## 5. പഠനനേട്ടങ്ങൾ:

താളത്തോടെ ചൊല്ലുന്ന കുട്ടിക്കവിതകൾ കേട്ട് ആസ്വദിക്കൽ
അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ
അക്ഷരങ്ങളുടെ ആലേഖന ക്രമങ്ങൾ തിരിച്ചറിയുകയും എഴുതുകയും ചെയ്യുന്നു.
കവിതയിലെ ആശയം ഉൾക്കൊണ്ട് താളം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.

### പഠനവിഭവങ്ങൾ

- സംഭാഷണം
- കവിത- audio
- പാഠപുസ്തകം പേജ് 13 ലെ കവിത വരികൾ കൂട്ടിച്ചേർത്തത്
- പാഠപുസ്തകം (പേജ് 14)
- കവിതയുടെ audio

**അരി തിന്നാൻ ആരൊക്കെ വന്നു**

അരി തിന്നാൻ വേറെ ആരൊക്കെ വന്നു
അരി തിന്നാൻ തത്ത വന്നു
അരി തിന്നാൻ വന്ന തത്തയോട് കുഞ്ഞിക്കോഴി എന്തൊക്കെ പറഞ്ഞു
തത്തയുടെ കൂടെവിടെ? കുട്ടികളുടെ പ്രതികരണം
പനയിൽ എന്ന ഉത്തരം ടീച്ചർ ബോർഡിൽ രേഖപ്പെടുത്തുന്നു.
സംഭാഷണം ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്നു(slide 5.1)
പാഠപുസ്തകവായന
തത്തേ തത്തേ എന്നതുപോലെ പ്രയോഗിക്കാൻ അവസരം

- തത്തേ തത്തേ, നിന്റെ കൂടെവിടെ?
- പ്രാവേ പ്രാവേ , പോവരുതേ

**പാടാം**

പറന്നുവന്നവരെ കുറിച്ചൊരു പാട്ടായാലോ?
ഐ സി റ്റി യിൽ അവതരണം (5.2)

പാറിപ്പാറി പറന്നുവന്നു
പച്ചതത്ത പനന്തത്ത
പാറിപ്പാറി പറന്നുവന്നു
കുഞ്ഞിപ്രാവ് മണിപ്രാവ്
പാറിപ്പാറി പറന്നുവന്നു
കറുത്ത കാക്ക കറുമ്പി കാക്ക
പാറിപ്പാറി പറന്നുവന്നു
വലിയ പരുന്ത് ചക്കിപ്പരുന്ത്

പാഠപുസ്തകം (പേജ് 13)പാട്ട് ടീച്ചർ അവതരിപ്പിക്കുന്നു ( 5.3)

പറന്നുവന്നവർ ആരൊക്കെ?

അവർ എന്തു ചെയ്തു ?

പാഠപുസ്തകം (പേജ് 14)വായിച്ച് വ്യക്തിഗതമായി കണ്ടെത്തുന്നു (5.4)

അരി തിന്നു

എന്നിട്ടോ?

ടീച്ചർ വായിക്കുന്നു കുട്ടികൾ ഏറ്റു വായിക്കുന്നു.

## കവിത നിർമ്മിക്കാം

കുട്ടികൾക്ക് തത്തയും പ്രാവുമായി പാടി അഭിനയിക്കാൻ അവസരം.(5.5)

പാറി പാറി പറന്നു വന്നു
പച്ച തത്ത പനന്തത്ത
പാറി പാറി പറന്നുപോയി
പച്ചതത്ത പനന്തത്ത.

ക്ലാസ്സിൽ ടീച്ചറും കുട്ടികളും പാടി അഭിനയിക്കുന്നു. ഇതുപോലെ പ്രാവ്, കുയിൽ, കാക്ക ഇങ്ങനെ പാടി അഭിനയിക്കുന്നു. കവിതയുടെ audio കേൾപ്പിക്കാം.(5.6)

## 6. പഠനനേട്ടങ്ങൾ:

എല്ലാ ജീവികൾക്കും വാസസ്ഥലമുണ്ട്. അവ വ്യത്യസ്തമാണ്.

### പഠനവിഭവങ്ങൾ

പേജ് 14

പലതരം പക്ഷികളും അവയുടെ കൂടുകളും

വീഡിയോ ക്ലിപ്പിംഗ്-പലതരം വീടുകൾ (ഓട്, ടെറസ് , പുല്ലുമേഞ്ഞത്, ഷീറ്റ്, ഓല)

### വരച്ചുയോജിപ്പിക്കാം

വീട്ടിലേക്കു മടങ്ങിയവർ ആരൊക്കെ?

പാഠപുസ്തകത്തിലെ പേജ് 14 വരച്ചുയോജിപ്പിക്കാം എന്ന പ്രവർത്തനങ്ങൾ ചില ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ചെയ്യുന്നു (6.1)

-വീട്ടിലേക്കു മടങ്ങിയവർ ആരെല്ലാം?

-എല്ലാവരും ഒരു വീട്ടിലേക്കാണോ പോയത്?

പാഠപുസ്തകത്തിലെ പ്രവർത്തനം പൂർത്തീകരിക്കൽ

-ചിത്രങ്ങളിൽ എതൊക്കെ ജീവികളുടെ പാർപ്പിടങ്ങളുണ്ട്

എല്ലാ കുട്ടികൾക്കും പാർപ്പിടങ്ങളുളുണ്ടോ?

-വിവിധ ജീവികളുടെ പാർപ്പിടങ്ങളെ പറ്റി ചർച്ച

കുട്ടികൾക്ക് അറിവ് പങ്കുവയ്ക്കാൻ അവസരം

വിവിധ തരം ജീവികളുടെ പാർപ്പിടങ്ങളുടെ ചിത്രങ്ങൾ കാണിക്കുന്നു.(slide 6.2)

-ചുറ്റുപാടുകളും ചിത്രങ്ങളും നിരീക്ഷിച്ച് കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു.

**തുടർപ്രവർത്തനങ്ങൾ:** ജീവികളുടെ പാർപ്പിടങ്ങടങ്ങിയ ചിത്രങ്ങൾ പേരെഴുതി ഒട്ടിക്കൽ

## 7. പഠനനേട്ടങ്ങൾ:

അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ

അക്ഷരങ്ങളുടെ ആലേഖന ക്രമങ്ങൾ തിരിച്ചറിയുകയും എഴുതുകയും ചെയ്യുന്നു.

### പഠനവിഭവങ്ങൾ

പേജ് 14, 15

പദകാർഡുകൾ

### വായിക്കാം (text book –പേജ് 14)

-എത്ര കുട്ടികൾക്കു വായിക്കാൻ കഴിഞ്ഞു

അനുരൂപീകരണപ്രവർത്തനങ്ങൾ

Meruvambayi M U P S

-പദകാർഡുകൾ വായിക്കാൻ
-അക്ഷരകാർഡുകൾ വായിച്ച് പദങ്ങൾ നിർമ്മിക്കൽ
-ഓരോ പദവും ഉറക്കെ പറഞ്ഞു ബോർഡിൽ എഴുതൽ. ഓരോരുത്തർക്കും വായിക്കാനാവസരം.

പദങ്ങൾ പദപെട്ടിയിലേക്ക്

അരി | പന | റവ | തറ | തന്നു

തത്ത | വരി | വന്നു | വിതറി

**<u>വാക്യങ്ങൾ ഉണ്ടാക്കാം</u> (T B page 15)**

-ഓരോരുത്തരും എങ്ങനെയാണ്?
വീട്ടിലേക്ക് പോയത്? സ്വാതന്ത്ര്യപ്രതികരണം
-തത്ത എങ്ങനെയാണ് വന്നത്? പോയത്?
തത്ത പാറിപ്പാറി വന്നു.
-തവള, ആന, മുയൽ, പാമ്പ്, ഒച്ച്, മീൻ, താറാവ് ഓരോന്നിന്റെയും വരവ് എങ്ങനെ?
നടന്നു വന്നവർ ആരൊക്കെ?
തവള എങ്ങനെയാണ് വന്നത്?
വേറെ ആരൊക്കെയാണ് ചാടി വരുന്നത്?
-വന്നു വരുന്നു, നിന്നു, നടന്നു,ഉറന്നു തുടങ്ങിയ പദങ്ങൾ കൂടുതൽ സന്ദർഭങ്ങളിൽ അവതരിപ്പിക്കുന്നു അഭിനയം, നന്നായി അഭിനയിച്ചവരെ അഭിനന്ദിക്കുന്നു.
തുടർന്ന് TB യിലെ (page 15) 'വാക്യങ്ങൾ ഉണ്ടാക്കാം' എന്ന ഭാഗം പൂരിപ്പിക്കുന്നു.

## 8. പഠനനേട്ടങ്ങൾ:

ജീവികൾ പലതരം കൂടുകൾ പലതരം
കവിതയിലെ ആശയം ഉൾക്കൊണ്ട് താളം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.

## പഠനവിഭവങ്ങൾ

പാഠപുസ്തകം പേജ് 15 ,16
teacher’s version -കവിത

**<u>വരികൾ കൂട്ടിച്ചേർത്തു പാടാം</u>** (പേജ് 15)

ജീവികൾ പലതരം കൂടുകൾ പലതരം
എന്ന ആശയം ഉറപ്പിക്കാനും താളം പരിഗണിച്ചും കൂട്ടിച്ചേർത്തും പാടാനുമുള്ള പ്രവർത്തനമാണിത്.
പാട്ട് അവതരണം(video) സംഘമായി പാടുന്നു (8.1)
കൂടുതൽ വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.

Meruvambayi M U P S

**ഉറുമ്പിനുണ്ടൊരു കൂട്**
**ഇലകൾ കൊണ്ടൊരു കൂട്**
**ചിതലിനുണ്ടൊരു കൂട്**
**മണ്ണു കൊണ്ടൊരു കൂട്**
**എലി കൊണ്ടൊരു കൂട്**
**മണ്ണു തുരന്നൊരു കൂട്**

ജീവികളും അവ കൂടുകൾ നിർമിക്കാനുപയോഗിച്ച വസ്തുക്കളുടെയും പേരെഴുതൽ (നോട്ട് ബുക്കിൽ)

**ഉദാ:** ഇല-ഉറുമ്പ് നാര്-കുരുവി ചിതൽ-മണ്ണ്

**വഴി വരയ്ക്കാം**

ടിബിയിലെ (page-16) തേനീച്ചയ്ക്ക് വീട്ടിലേക്കുള്ള വഴി കുത്തുകൾ യോജിപ്പിച്ച് വരയ്ക്കാനുള്ള നിർദേശങ്ങൾ നൽകുന്നു.

**വീടുണ്ടാക്കാം**

കളർപേപ്പർ ഉപയോഗിച്ച് ഒറിഗാമി വീടുണ്ടാക്കാൻ നിർദേശങ്ങൾ നൽകുന്നു.
തീപ്പെട്ടിക്കൂടുകൾ ചേർത്തുവെച്ച് വീട് നിർമ്മിക്കുന്നു. തീപെട്ടികൾക്ക് പകരം ഈർക്കിലും ഔട്ട് ലൈനിൽ കൊളാഷ് രീതിയിയിലും ഉള്ള വീട് നിർമ്മാണവും കാണിക്കുന്നു.(video-h)

## 9. പഠനനേട്ടങ്ങൾ:

എല്ലാ ജീവികൾക്കും വാസസ്ഥലമുണ്ട്. അവ വ്യത്യസ്തമാണ്.
വീടുകൊണ്ടുള്ള പ്രയോജനങ്ങൾ തിരിച്ചറിയുന്നു.

**പഠനവിഭവങ്ങൾ**

പാഠപുസ്തകം പേജ് 17
വീടുകൊണ്ടുള്ള പ്രയോജനങ്ങൾ(slide)

**അയ്യോ പരുന്ത് (TB പേജ് 17)**

കുഞ്ഞിക്കോഴി വീണ്ടും അരിമണി തിന്ന് നടന്നു. പെട്ടെന്ന് ഒരു ശബ്ദം. ചിറകടി ശബ്ദം. കാക്ക ആരെയോ കണ്ടു.

- ആരെയായിരിക്കും കണ്ടത്?
- കാക്ക വിളിച്ച് പറഞ്ഞതെന്തായിരിക്കും?

പാഠപുസ്തകം വായന(page17)9.1



Meruvambayi M U P S

- എന്തു ശബ്ദത്തോടെയാണ് പരുന്ത് വന്നത്?
- പരുന്ത് വന്നപ്പോൾ പേടിച്ചുവിറച്ച് കുഞ്ഞിക്കോഴി എന്തു ചെയ്തു?
- കുഞ്ഞിക്കോഴി എവിടെയാണ് ഒളിച്ചത്?
- അമ്മ കോഴി എന്ത് മറുപടിയാണ് പറഞ്ഞത്?

പട പട പട പട
പരുന്ത് വന്നു
കുഞ്ഞിക്കോഴി ഒളിച്ചു
അമ്മയുടെ ചിറകിൽ
വീട്ടിൽ പോകാം
അമ്മ പറഞ്ഞു

ടെക്സ്റ്റ് രൂപീകരിച്ചു ടീച്ചറും കുട്ടികളും വായിക്കുന്നു
നോട്ടുബുക്കിൽ എഴുതുന്നു

**ചർച്ച: വീടിന്റെ ആവശ്യം**

അമ്മക്കോഴി വീട്ടിൽ പോകാം എന്ന് പറഞ്ഞത് എന്തിനാണ്?

പരുന്ത് പിടിക്കാതിരിക്കാൻ

അതിനു മാത്രമാണോ വീട്?

വീടിന്റെ ആവശ്യകത തിരിച്ചറിയുന്നതിനായി ചില ചോദ്യങ്ങൾ ചോദിക്കുന്നു.

- മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുമ്പോൾ മഴ പെയ്താൽ എന്തുചെയ്യും?
- പക്ഷികളും മൃഗങ്ങളും എന്തുചെയ്യും?

തുടർന്ന് ടി ബി യിലെ കുഞ്ഞിക്കവിത അവതരിപ്പിക്കുന്നു.

വീടു കൊണ്ട് എന്തെല്ലാം പ്രയോജനങ്ങളുണ്ട് സ്വതന്ത്ര പ്രതികരണം
പ്രതികരണം ബോർഡിൽ രേഖപ്പെടുത്തുന്നു, സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു(9.2)

വെയിലിൽ നിന്ന്, മഴയിൽ നിന്ന്, കാറ്റിൽ നിന്ന് സംരക്ഷണം
ആഹാരം, വസ്ത്രം വിലപിടിപ്പുള്ള വസ്തുക്കൾ ഇവ സൂക്ഷിച്ചുവെക്കാം
ഇഴജന്തുക്കളിൽ നിന്നും മറ്റു ജീവികളിൽ നിന്നും സംരക്ഷണം

## 10. പഠനനേട്ടങ്ങൾ:

വീട്ടിൽ പലതരം ഉപകരണങ്ങൾ ഉണ്ട്. അവയുടെ ഉപയോഗം പലതാണ്.

വീട്ടിൽ ആവശ്യം വേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് യുക്തിപൂർവ്വം പറയുന്നു.

**പഠനവിഭവങ്ങൾ**

വീട്ടുപകരണങ്ങൾ (table)

ഐ സി റ്റി വീട്ടുപകരണങ്ങടെ ചിത്രങ്ങൾ - അവയുടെ പേരുകൾ

പാഠപുസ്തകം -page 18,19,20

വിവിധതരം വീടുകളുടെ ചിത്രങ്ങൾ

**വായന (TB page-18)**

വീണ്ടും പരുന്ത് വന്നപ്പോൾ കുഞ്ഞിക്കോഴി താരയുടെ വീടിന് അകത്തു കയറി.

പേജ് 18 വായിക്കുന്നു(10.1)

കുഞ്ഞിക്കോഴിയുടെ വീട് പോലെയാണോ താരയുടെ വീട്

സ്വതന്ത്ര പ്രതികരണം

ആശയരൂപീകരണം.

കുഞ്ഞിക്കോഴി എന്തിനാണ് താരയുടെ വീട്ടിലേയ്ക്ക് വന്നത്? എന്തെല്ലാമാണ് കണ്ടത്?

**ചർച്ച**

കുറെ മുറികൾ, ടി വി, റേഡിയോ, ഫാൻ, പാത്രങ്ങൾ, കത്തി, മിക്സി, ഗ്യാസ്.

ഇവയെല്ലാം ഒരു മുറിയിലാണോ വച്ചിട്ടുള്ളത്? നിങ്ങളുടെ വീട്ടിൽ ഇതെല്ലാം ഉണ്ടോ? കുഞ്ഞിക്കോഴി നിങ്ങളുടെ വീട്ടിലാണ് വന്നതെങ്കിൽ ഈ സാധനമെല്ലാം എവിടെയാണ് കണ്ടിട്ടുണ്ടാവുക?

ആഖ്യാനത്തിലൂടെ വീട്ടിൽ പലതരം ഉപകരണങ്ങളും പലപല മുറികളുമുണ്ട് എന്ന ആശയം രൂപീകരിക്കുന്നു.

ടീച്ചർ ഇടപെട്ട് ചാർട്ട് രൂപീകരിക്കുന്നു.(10.2)

| മുറികൾ | സാധനങ്ങൾ |
|---|---|
| സിറ്റൗട്ട് | കസേര ,ടീപോയ് |
| കിടപ്പുമുറി | കട്ടിൽ, ഫാൻ, അലമാര, കിടക്ക |
| ഊണുമുറി | മേശ, കസേര |
| അടുക്കള | കലം, പാത്രങ്ങൾ, ഗ്ലാസ്, കത്തി, ഗ്യാസ്, ചിരവ |
| കുളിമുറി | ബക്കറ്റ്, കപ്പ്, പൈപ്പ് ,സോപ്പ് |
| കക്കൂസ് | ബക്കറ്റ്, കപ്പ്, പൈപ്പ് |

Meruvambayi M U P S

**പറയാം**

– നിങ്ങളുടെ അടുക്കളയിൽ എന്തെല്ലാം ഉപകരണങ്ങൾ ഉണ്ട്

സ്വയം കുട്ടികൾ പറയുന്നവ ബോർഡിൽ രേഖപ്പെടുത്തുന്നു

അടുക്കള ഉപകരണങ്ങളുടെ ചിത്രങ്ങളും പേരും അടങ്ങിയ ICT കാണിക്കുന്നു. (10.3)

വായിക്കുന്നു

**വട്ടം വരയ്ക്കാം (TB-page19)**

അധ്യാപിക കടങ്കഥാ രൂപത്തിൽ അടുക്കള ഉപകരണങ്ങൾ അവതരിപ്പിക്കുന്നു.(10.4)

ഉത്തരത്തിന് വട്ടം വരയ്ക്കുന്നു

- അമ്മ പരന്നു പരന്നു മക്കൾ ഉരുണ്ടുരുണ്ട്
- ആയിരം മക്കൾക്ക് ഒരു ബെൽറ്റ്
- അരക്കാം പൊടിക്കാം ജ്യൂസ് ഉണ്ടാക്കാം ഞാൻ ആര്?
- എല്ലാവർക്കും ഞാൻ നൽകും അല്പം പോലും തിന്നില്ല

**തരം തിരിക്കാം**

വീട്ടുപകരണങ്ങൾ അടുക്കളയിൽ ഉള്ളവ, അല്ലാത്തവ എന്നിങ്ങനെ രണ്ടായി തരംതിരിച്ച് എഴുതാൻ ആവശ്യപ്പെടുന്നു.(10.4)

| അടുക്കളയിലെ ഉപകരണങ്ങൾ | മറ്റ് ഉപകരണങ്ങൾ |
|---|---|
| ഗ്ലാസ് | ഫാൻ |
| പ്ലേറ്റ് | സോഫ |
| സ്പൂൺ | കട്ടിൽ |
| ചട്ടി | കിടക്ക |
| ഗ്യാസ് | അലമാര |

**തുടർപ്രവർത്തനങ്ങൾ:** വീട്ടുപകരണങ്ങൾ വരച്ച് നിറം നൽകാം. ചിത്രങ്ങൾ മുറിച്ചെടുത്ത് ഒട്ടിക്കാം.

Meruvambayi M U P S

**വഴി കണ്ടെത്തി വരയ്ക്കാം വീടുകൾ പലതരം(page-20)**

നിങ്ങളുടെ എല്ലാവരുടെയും വീടുകൾ ഒരുപോലെയാണോ?

വീടുകൾ പലതരം ഉണ്ട്

വിവിധതരം വീടുകളുടെ ചിത്രങ്ങൾ അധ്യാപിക ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു(slide (10.4),(6.2) ടെക്സ്റ്റ് ബുക്കിലെ വഴി കണ്ടെത്തൽ പൂർത്തിയാക്കൽ.ശരിയായ വഴി കണ്ടെത്തിയവർ ആരെല്ലാം? അഭിനന്ദിക്കുന്നു.

## 11. പഠനനേട്ടങ്ങൾ:

വീട്ടിലെ അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിവിധ ജോലികളെക്കുറിച്ചും ചുമതലകളെക്കുറിച്ചും മനസ്സിലാക്കി വിശദമാക്കുന്നു.

## പഠനവിഭവങ്ങൾ

താരയുടെ കുടുംബാംഗങ്ങൾ(image-slide)

പേജ് 20,21,22,23

**സ്നേഹമുള്ള വീട്ടുകാർ (പേജ് 20)**

വീട്ടിലെ കുടുംബാംഗങ്ങളെ കുറിച്ച് ചോദിക്കുന്നു.

ചിത്രം നിരീക്ഷിച്ച് താരയുടെ കുടുംബാംഗങ്ങളെ കണ്ടെത്തി പറയുന്നു(slide-11.1)

കുടുംബാംഗങ്ങൾ അവരുടെ പരസ്പരാശ്രയത്വം ബോധ്യപ്പെടാൻ ഉള്ള പ്രവർത്തനം കൂടിയാണിത്.

ഓരോരുത്തരും ചെയ്യുന്ന ജോലികളെ കുറിച്ച് ചർച്ച, ബുക്കിലെ കളങ്ങളിൽ നിറം നൽകുന്നു.(11.2)

**വരച്ച് യോജിപ്പിക്കാം(പേജ് 21)**

കുടുംബാംഗങ്ങളുടെ ജോലികൾ ഉത്തരവാദിത്വങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നതിനും ജോലികൾ ചെയ്യേണ്ടതിന്റെ ആവശ്യകഥ മനസ്സിലാക്കുന്നതിനും ഈ പ്രവർത്തനം സഹായകരമാണ്.(11.3)

- വീട്ടിലെ ജോലികൾ ചെയ്യുന്നതാര്?
- നിങ്ങൾ വീട്ടിലെ ജോലികൾ ചെയ്യാൻ സഹായിക്കാറുണ്ടോ ?
- നടുവിൽ നിങ്ങളുടെ ചിത്രം വരഞ്ഞ് ചിത്രത്തിൽ നിങ്ങൾക്ക് ചെയ്യാൻ പറ്റുന്ന ജോലികളിലേക്ക് വരയ്ക്കുക

**കുഞ്ഞിക്കിളിയെ കൂട്ടിലയത്തിക്കാം(page22)**

ടിബിയിൽ നൽകിയ ചിത്രങ്ങൾ ഐ സി റ്റിയിൽ കാണിക്കുന്നു.അവയുടെ പേര് ഉള്ള കളങ്ങളിൽ നിറം നൽകുന്നു. വിലയിരുത്തുന്നു.(11.4)



Meruvambayi M U P S

**പേരെഴുതാം**

വർക്ക്ഷീറ്റ് big screen-ൽ കാണിക്കുന്നു. , ഇത് സ്വന്തമായി നോട്ടിലേക്ക് എഴുതാൻ ആവശ്യപ്പെടുന്നു. (11.5)

എഴുതാൻ കഴിയാതെ വന്നവർക്ക് കൂടുതൽ സന്ദർഭങ്ങൾ നൽകി മുന്നോട്ട് കൊണ്ടു വരാം.

## 12. പഠനനേട്ടങ്ങൾ:

കവിതകൾ താളാത്മകമായി ചൊല്ലുന്നത് കേട്ട് ആസ്വദിക്കാനും ചൊല്ലാനും കഴിയുന്നു.

സ്വായത്തമായ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ വാക്യങ്ങൾ ആശയങ്ങൾ എഴുതുന്നു, വായിക്കുന്നു.

**പഠനവിഭവങ്ങൾ**

എന്റെ വീട് എന്ന കവിത വീഡിയോ

ടി ബി പേജ് 24,25

പദക്കാർഡുകൾ

വായനാകാർഡുകൾ

**പാടാം രസിക്കാം(പേജ് 24)**

എന്റെ വീട് എന്ന കവിത ഐ സി റ്റിയിൽ പ്രദർശിപ്പിക്കുന്നു. (12.1, 12.2)

കവിത താളത്തിൽ ഒറ്റയ്ക്കും കൂട്ടായും പാടി രസിക്കുന്നു.

**പറയാം കളിക്കാം**

**പറ പറ പറ പറ തത്ത പറ**

അപ്പോൾ പക്ഷികൾ പറക്കുന്ന പോലെ ആഗ്യം കാണിക്കുന്നു. തത്തയ്ക്ക് പകരം മറ്റു ജീവികളെ ഉൾപ്പെടുത്തി പാടുന്നു. പറക്കാത്ത ജീവികളെ പറന്നു കാണിക്കുന്നവർ കളിയിൽ നിന്നും പുറത്താവുന്നു.

**ചങ്ങാതിത്തത്ത**

പേജ് 25 ൽഎഴുതിയ അക്ഷരങ്ങൾ തിരിച്ചറിയാനും വായിക്കാനുമുള്ള അവസരം.

അക്ഷരങ്ങൾ വെച്ച് പദങ്ങൾ ഉണ്ടാക്കുന്നു. (12.3)

വാക്യങ്ങൾ ഉണ്ടാക്കുന്നു. നോട്ടുബുക്കിൽ ചേർക്കുന്നു.

**അധിക വായന(12.4)**

പാറിപ്പാറി പോവാതെ
ദൂരെ ദൂരെ മാറാതെ
പേരെന്താ നാടേതാ
ചൊല്ലൂ തത്തമ്മേ

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
കാച്ചി വെച്ച പാല്
നക്കി തുടച്ചു വെച്ചു

Meruvambayi M U P S